മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

വാർത്താക്കുറിപ്പ്

2026 ഫെബ്രുവരി 1

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഓൺലൈൻ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളുടെ 2026 ജനുവരി സെഷനിലേക്ക് ഇപ്പോൾ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സെൻറർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ നടത്തുന്ന എം.ബി.എ (ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, മാർക്കറ്റിംഗ്, ഫിനാൻസ്), എം.കോം (ഫിനാൻസ് ആൻഡ് ടാക് സേഷൻ), എം.എ ഇംഗ്ലീഷ്, എം.എ ഇക്കണോമിക്സ്, ബി.കോം (ഓണേഴ്സ്), ബി ബിഎ (ഓണേഴ്സ്), ബിഎ പൊളിറ്റിക്കൽ സയൻസ് (ഓണേഴ്സ്) എന്നീ ഓൺലൈൻ പ്രോഗ്രാമുകളുടെ 2026 ജനുവരി സെഷനിലേയ്ക്കുള്ള പ്രവേശനം ആരംഭിച്ചു. യു.ജി .സിയുടെ അംഗീകാരത്തോടെ നടത്തുന്ന ഓൺലൈൻ പ്രോഗ്രാമുകൾ റഗുലർ ഡിഗ്രിക്ക് തുല്യമാണ്. വിദേശത്തുള്ള വിദ്യാർത്ഥികൾക്കും, ജോലിയോടൊപ്പം പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും പ്രായഭേദമന്യേ അപേക്ഷിക്കാവുന്നതാണ്. ക്ലാസുകളും പരീക്ഷയും പൂർണമായും ഓൺലൈൻ ആയതിനാൽ ഒരുഘട്ടത്തിലും സർവകലാശാലയിൽ നേരിട്ട് എത്തേണ്ടതില്ല. ഒരേ സമയം രണ്ടു പ്രോഗ്രാമുകളിൽ പ്രവേശനം നേടുന്നതിന് യു ജി സി അനുമതി

നല്കിയിട്ടുള്ളതിനാൽ നിലവിൽ ബിരുദപഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. എംജി സർവകലാശാലയുടെ കീഴിലുള്ള കോളജുകളിൽ റഗുലർ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് 40 ശതമാനവും മറ്റ് സർവകലാശാലകളിലോ അംഗീകൃത ഗവണ്മെന്റ്/ എയ്ഡഡ് സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർഥികൾക്ക് 20 ശതമാനവും ഫീസിളവ് ലഭ്യമാണ്. കൂടാതെ വനിതകൾക്കും , ഭിന്നലിംഗക്കാർക്കും ഇതര വിഭാഗക്കാർക്കും 10 ശതമാനം ഫീസിളവും ഉണ്ടായിരിക്കും. ഓൺലൈൻ പ്രോഗ്രാമിന് അഡ്മിഷൻ എടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ cdoe.mgu.ac.in *വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് ഫോൺ -0481 2731010, 9188918258, 8547852326*

(പി.ആർ.ഒ/39/94/2026)

പബ്ലിക് റിലേഷൻസ് ഓഫീസർ